# ഗൾഫ് സലഫികളും
# കേരളത്തിലെ ഇസ്‌ലാഹി പ്രസ്ഥാനവും
## (വിമർശനങ്ങൾക്ക് മറുപടി)

## പശ്ചാത്തലം

മുക്കാൽ നൂറ്റാണ്ടിലേറെക്കാലമായി കേരള മുസ്‌ലിംകളുടെ നവോത്ഥാനത്തിനുവേണ്ടി യത്നിക്കുന്ന മുജാഹിദ് പ്രസ്ഥാനത്തിന്റെ പ്രവർത്തകർക്കിടയിലുണ്ടായ സംഘടനാപരവും ആശയപരവുമായ ഭിന്നതകൾ രൂക്ഷമായ ഘട്ടത്തിൽ ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ കീഴ്‌വണക്കമനുസരിച്ച് ഖുർആനിന്റെയും സുന്നത്തിന്റെയുമടിസ്ഥാനത്തിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ പണ്ഡിതസഭയായ കേരള ജംഇയ്യത്തുൽ ഉലമ (കെ.ജെ.യു) ഇടപെടുകയും ഇരുവിഭാഗത്തിന്റെയും ആശയങ്ങളും വാദഗതികളും പരിശോധിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. ഇരുകൂട്ടരുടെയും വാദമുഖങ്ങൾ പ്രബന്ധങ്ങളിലൂടെയും മറ്റും കേട്ടശേഷം കെ.ജെ.യു നിർവാഹക സമിതി യോഗം ചേർന്ന് (2001 ജൂൺ നാലിന്) ആശയപരമായ തർക്ക പ്രശ്നങ്ങളിൽ തീരുമാനം കൈക്കൊള്ളുകയും ഇരുവിഭാഗത്തിനും പ്രാതിനിധ്യമുള്ള കെ.ജെ.യു. നിർവാഹക സമിതിയിലെ എല്ലാ അംഗങ്ങളും അതിൽ ജൂൺ 7ന് ഒപ്പുവെക്കുകയും ചെയ്തു.

എന്നാൽ, പ്രശ്നങ്ങൾ ഇതോടെ പരിഹരിക്കപ്പെട്ടു; യോജിപ്പിനുള്ള മാർഗങ്ങൾ തെളിഞ്ഞു എന്ന് മുജാഹിദുകൾ സമാധാനിച്ചിരിക്കുമ്പോഴാണ് പ്രസ്തുത തീരുമാനങ്ങളെ ഖണ്ഡിക്കുകയും സംജാതമാവാനിരിക്കുന്ന ഐക്യത്തെ അട്ടിമറിക്കുകയും ചെയ്യുന്ന 180 പേജുള്ള ഒരു ക്ഷുദ്രകൃതി 'മർകസുദ്ദഅ്‌വ'യിൽ നിന്നും പുറത്തുവന്നത്. 2001 ജൂൺ 15ന് നടന്ന ഐ.എസ്.എം. സംസ്ഥാന കൗൺസിലിൽ തന്നെ ഈ പുസ്തകം ഐ.എസ്.എം. നേതാക്കളും മറ്റും മുൻകയ്യെടുത്ത് വിതരണം ചെയ്യുകയും ചെയ്തു. പിന്നീട് ഈ പുസ്തകം മുജാഹിദ് പ്രവർത്തകർക്കിടയിൽ വ്യാപകമായി പ്രചരിപ്പിക്കപ്പെടുകയും പുസ്തകത്തെ ന്യായീകരിച്ചുകൊണ്ട് ഹുസൈൻ മടവൂരിനെപ്പോലുള്ള വിമത നേതാക്കൾ രംഗത്തുവരികയും ചെയ്തു.

പിന്നീടങ്ങോട്ട് വ്യതിയാനത്തിന് മറപിടിക്കുന്ന നിരവധി ക്ഷുദ്രകൃതികൾ പേരുവെച്ചും വെക്കാതെയും ഈ വ്യതിയാന സംഘടന പുറത്തിറക്കുകയുണ്ടായി. അതിൽപെട്ട ഒരു ക്ഷുദ്രകൃതിയാണ്, എം. ഐ. മുഹമ്മദലി സുല്ലമി എഴുതിയ 'ഗൾഫ് സലഫിസവും മുജാഹിദ് പ്രസ്ഥാനവും' എന്ന കൃതി.

ലോകത്തിൻെറ പലഭാഗത്തും സലഫികളുടെ സംഘടിത ശക്തിയെ ക്ഷയിപ്പിക്കാനും ഛിദ്രിപ്പിക്കാനും ആദർശശത്രുക്കൾ പലതരം അടവുകളും പ്രയോഗിച്ചുകൊണ്ടിരിക്കയാണ്. 'സലഫി'യായി അഭിനയിച്ചുകൊണ്ട് സലഫീ പ്രസ്ഥാനങ്ങളുടെ ഉള്ളിൽ കയറിക്കൂടി സലഫീ ആശയങ്ങളിൽ വസ്വാസുണ്ടാക്കുക; അതുവഴി സലഫികളിൽ അനൈക്യം സൃഷ്ടിക്കുക ഇതാണ് പലേടത്തും ബാഹ്യശക്തികൾ പ്രയോഗിച്ച കുതന്ത്രം. സലഫീ ആശയങ്ങളിൽനിന്നും ആളുകളെ തന്ത്രപരമായി അകറ്റാനും ക്രമേണ അവരെ തങ്ങളുടെ വ്യതിയാന ആശയങ്ങളുടെ പ്രചാരകരാക്കാനും ഇതുവഴി സലഫീ ശത്രുക്കൾക്ക് സാധിച്ചിട്ടുണ്ട്.

ഈജിപ്ത് കേന്ദ്രമായി ഹസനുൽ ബന്ന സ്ഥാപിച്ച 'ഇഖ്വാനുൽ മുസ്ലിമീൻ' (മുസ്ലിം ബ്രദർഹുഡ്) ഈ ബാഹ്യശക്തികളിൽ പ്രത്യേകം എടുത്തുപറയേണ്ടതാണ്. പോയനൂറ്റാണ്ടിൽ ഒരു ജ്വരം പോലെ മുസ്ലിം ലോകത്ത് പടർന്നുപിടിച്ച ഇഖ്വാനികളുടെ മുന്നേറ്റത്തെ ആശയപരമായി എതിർത്ത് തോൽപിക്കാൻ വൈജ്ഞാനിക ധീരതയും ആദർശപരമായ ഉൾക്കരുത്തും കാണിച്ചത് സലഫീ പ്രസ്ഥാനം മാത്രമാണ്. ഇതിൽ അരിശം പൂണ്ട ഇഖ്വാനികൾ സലഫികളെ ഭിന്നിപ്പിക്കാനും അവർക്കിടയിൽ ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുവാനും പല നീചമായ തന്ത്രങ്ങളും പയറ്റിക്കൊണ്ടിരിക്കയാണ്. സലഫികളെ ആശയപരമായി നേരിട്ട് ജയിക്കാൻ സാധിക്കാത്തതുകൊണ്ടാണ് ശത്രുക്കൾ ഈ വളഞ്ഞമാർഗം സ്വീകരിക്കുന്നത്. ഈ ആഗോള ഗൂഢാലോചനയുടെ ഭാഗം തന്നെയാണ് കേരളത്തിലെ സലഫീ സംഘടനയിൽ കഴിഞ്ഞുപോയ പ്രതിസന്ധിയും.

സലഫീ ആശയങ്ങളെക്കുറിച്ച് ആളുകളിൽ തെറ്റിദ്ധാരണകൾ പ്രചരിപ്പിക്കുവാനുദ്ദേശിച്ച് പല ക്ഷുദ്രകൃതികളും ഈ ഗൂഢാലോചനക്കാർ ലോകത്തുടനീളം പ്രചരിപ്പിക്കുന്നുണ്ട്. ഓരോ നാട്ടിലും ഓരോ ശൈലിയിലാണെന്നുമാത്രം. ആ ഗണത്തിൽപെട്ട ഒരു ക്ഷുദ്രകൃതിയാണ് മേൽ പറഞ്ഞ 'ഗൾഫ് സലഫിസവും......' എന്ന കൃതി.

കേരളത്തിലെ സലഫീ ആശയങ്ങളും അറബ് ലോകത്തെ സലഫീ ആശയങ്ങളും തമ്മിൽ പ്രകടമായ വൈരുധ്യമുണ്ടെന്നും അവരുമായി നമുക്ക് ആശയപരമായ ഐക്യമില്ലെന്നും സമർത്ഥിക്കാനാണത്രെ ഈ കൃതി ഇയാൾ രചിച്ചത്(?) പുറമെ പറയുന്ന ഉദ്ദേശ്യം ഇതാണെങ്കിലും തങ്ങളുടെ വ്യതിയാന ആശയങ്ങൾക്ക് മറപിടിക്കുകയും വ്യതിയാന ആരോപണം ഉന്നയിച്ച പണ്ഡിത സുഹൃത്തുക്കളെയും കെ.എൻ.എം. നേതാക്കളെയും വിവരം കെട്ടവരായി ചിത്രീകരിക്കുകയുമാണ് യഥാർത്ഥ ഉദ്ദേശ്യമെന്ന് ആ പുസ്തകം വായിക്കുന്നവർക്ക് മനസിലാക്കുവാൻ പ്രയാസമില്ല.

കേരളത്തിലെ ഇസ്‌ലാഹീപ്രസ്ഥാനം അടുത്ത് നേരിട്ട പ്രതിസന്ധിയുടെ മൂലകാരണം പ്രസ്ഥാനത്തിനകത്തുള്ള ചില പണ്ഡിതൻമാരും പ്രവർത്തകരും കേരള ജംഇയ്യത്തുൽ ഉലമയും നദ്‌വത്തുൽ മുജാഹിദീനും നാളിതുവരെ പിന്തുടർന്നുവന്ന സലഫീമൻഹജി(മാർഗത്തി)ൽനിന്നും വ്യതിചലിച്ചതാണെന്നത് പച്ചപ്പരമാർത്ഥമാണ്. കെ.എൻ.എം. ഭരണ സമിതിയുടെ അച്ചടക്ക നടപടിക്ക് വിധേയമായ മുൻ ഐ.എസ്.എം. കേന്ദ്ര പ്രവർത്തക സമിതി പുറത്തുവിട്ട പത്രവാർത്തകളിൽതന്നെ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്.

"മുജാഹിദ് പ്രസ്ഥാനത്തിനകത്തുള്ള രണ്ട് ചിന്താധാരകൾ തമ്മിലാണ് ഇതുവരെ ആശയസമരം നടന്നുവന്നിരുന്നത്. ആശയപരമായ അഭിപ്രായവ്യത്യാസങ്ങൾക്ക് പുറമെ സംഘടനാപരമായ നിരവധി പ്രശ്നങ്ങളും സംഘടനക്കകത്ത് പുകയുന്നുണ്ടായിരുന്നു." (ശബാബ് - ആഗസ്റ്റ് 16-02)

സലഫീ മാർഗത്തിൽനിന്നും വ്യതിചലിച്ച് പുതിയൊരു ചിന്താധാരയുമായി ചിലർ പ്രസ്ഥാനത്തിനകത്ത് കുറെ വർഷങ്ങളായി പ്രവർത്തിച്ചുവരികയായിരുന്നുവെന്നും അതാണ് ഈ പിളർപ്പിലേക്ക് നയിച്ച മൂലകാരണമെന്നും വിമതൻമാരുടെ ഈ വെളിപ്പെടുത്തലിലൂടെ ഒന്നുകൂടി തെളിയുകയാണ്. '1985 മുതൽ തന്നെ സംഘടനക്കകത്ത് മുന്നോട്ട് നയിക്കുന്ന ഒരു ധാരയും പിന്നോട് വലിക്കുന്ന മറ്റൊരു ധാരയും ഉണ്ടെന്നും ഈ രണ്ട് ധാരകൾ തമ്മിലുള്ള സംഘട്ടനമാണ് സംഘടനാ പ്രശ്നമെന്നും' ഏതാണ്ട് രണ്ടുവർഷം മുമ്പ് അരീക്കോടിനടുത്ത പത്തനാപുരത്തുവെച്ച് പിരിച്ചുവിടപ്പെട്ട ഐ.എസ്.എം. പ്രസിഡൻറ് മൗലവി അബൂബക്കർ മദനി (കാരക്കുന്ന്) പ്രഖ്യാപിക്കുകയുണ്ടായി. ഒരുവശത്ത് 'സംഘടനയെ മുന്നോട്ട് നയിക്കുന്ന ധാര' എന്ന വ്യാജേന സംഘടനയിൽ ആദർശ വ്യതിയാനം കുത്തിച്ചെലുത്താനും മറുവശത്ത് ഈ പുതിയ ചാന്താധാരയെ അനുകൂലിക്കുന്നവരെ സംഘടനയുടെ നേതൃതലങ്ങളിൽ എത്തിക്കാനുമുള്ള ഗൂഢപദ്ധതികൾ 17 വർഷം മുമ്പുതന്നെ ഇവർ ആരംഭിച്ചിട്ടുണ്ടെന്ന കാര്യം രേഖകളിലൂടെ തെളിയിക്കാൻ ഒട്ടും പ്രയാസമില്ല. ചില സൂചനകൾ മാത്രം കുറിക്കട്ടെ!

- 1987ൽ ഐ.എസ്.എം. ഭരണഘടനയിലെ കെ.എൻ.എമ്മിനും കെ.ജെ.യുവിനും തുല്യപ്രാതിനിധ്യമുള്ള ഉപദേശക സമിതിയുടെ ഘടന അട്ടിമറിച്ചു.
- 1988ൽ സംഘടനയെ കൈപ്പിടിയിലൊതുക്കാനുള്ള ലോംഗ്ടേം അജണ്ടയുടെ ഭാഗമായി വി.സി. (വളണ്ടിയർകോർ) രൂപീകരിച്ചു.
- 1989ൽ ഐ.എസ്.എമ്മിന് സ്വതന്ത്രമായ ആസ്ഥാനം ഉണ്ടാക്കാൻ തീരുമാനിച്ചു.
- 1991ൽ മർകസുദ്ദഅ്‌വക്ക് സ്ഥലം വാങ്ങി. (മുതിർന്ന നേതാക്കളെ ഉറക്കം തൂങ്ങികളെന്ന് വിശേഷിപ്പിക്കുന്ന മടവൂരിൻെറ ലേഖനവും ഈ വർഷമായിരുന്നു.)

- 1992ൽ ഐ.ജി.ടി. (ഇസ്ലാമിക് ഗൈഡൻസ് ട്രസ്റ്റ്) എന്ന പേരിൽ ഹുസൈൻ മടവൂരിനും ഒമ്പതംഗ കോക്കസിനും ആജീവനാന്ത മെമ്പർഷിപ്പുള്ള ട്രസ്റ്റുണ്ടാക്കി. (മർക്കസുദ്ദഅ്‌വക്ക് വേണ്ടി വാങ്ങിയ സ്ഥലത്തിൻെറ പകുതി രജിസ്റ്റർ ചെയ്തത് ഈ ട്രസ്റ്റിൻെറ പേരിലായിരുന്നു.)
- 1993 മുതൽ ഐ.എസ്.എം.കാർ കഴിയുന്നത്ര കെ.എൻ.എമ്മിൽ കയറിക്കൂടാനും നേതൃതലങ്ങളിലെത്താനും ഗൂഢശ്രമം തുടങ്ങി. മേപ്പയൂരിൽ സംഘടനാ ചരിത്രത്തിലെ ആദ്യത്തെ ഗ്രൂപ്പ് മീറ്റിംഗ് അസ്ഗറലി വിളിച്ചുകൂട്ടിയതും മഞ്ചേരിയിലും മറ്റുപലേടത്തും സംസ്ഥാന കെ.എൻ.എം. നേതൃത്വത്തെ അട്ടിമറിക്കാനുള്ള ഗൂഢമീറ്റിംഗുകൾ ആരംഭിച്ചതും ഈ വർഷമായിരുന്നു.
- 1993ൽ തന്നെയാണ് ഇസ്ലാഹീ പ്രബോധനത്തിൻെറ മുൻഗണനാക്രമം കീഴ്മേൽ മറിക്കുന്ന ഐ.എസ്.എം. 'നയരേഖ' പുറത്തിറക്കിയത്.
- 1994ൽ മർക്കസുദ്ദഅ്‌വാ ഉദ്ഘാടനം - കെ.എൻ.എം. ജ. സെക്രട്ടറി കെ.പി. മുഹമ്മദ് മൗലവി പങ്കെടുത്തില്ല. ഇതേവർഷത്തിൽ 'നേതൃമാറ്റം അനിവാര്യം' എന്ന പേരിൽ മുതിർന്ന കെ.എൻ.എം. നെതാക്കൾക്കെതിരെ 'ജരാനര ബാധിച്ചവരെന്നും മനസ് ശുഷ്ക്കിച്ചവരെന്നും' ഒളിയമ്പെയ്യുന്ന മടവൂരിൻെറ ലേഖനം ശബാബിൽ വന്നു.
- 1994ൽ തന്നെ നമ്മുടെ പ്രവർത്തനമേഖലയിൽ ഗുണപരമായി ദിശാവ്യതിയാനം സൃഷ്ടിക്കാനുദ്ദേശിച്ച് 'കേരള ഇസ്ലാമിക് സെമിനാർ' ആരംഭിച്ചു.
- 1995ൽ പുതിയ യുവപ്രബോധകരെ വഴിതെറ്റിക്കാൻ ഉദ്ദേശിച്ചുള്ള 'ഓറിയൻേറഷൻ കോഴ്സ്' ആരംഭിച്ചു.
- 1996ൽ ഡോ. ഉസ്മാൻ സാഹിബിനെ സംസ്ഥാന നേതൃത്വത്തിൽ നിന്നും നീക്കാനുള്ള ഗൂഢശ്രമം നടന്നു.
- 1996-97 വർഷങ്ങളിൽ ഇസ്ലാമിക് സെമിനാറിൻെറ ദഅ്‌വാ സെഷനിൽ ഇസ്ലാഹി ആദർശത്തിനും പ്രബോധന ശൈലിക്കുമെതിരെ മൗലവി മുഹമ്മദ് കുട്ടശേരിയുടെ പ്രബന്ധങ്ങൾ.
- 1997ലെ കെ.ജെ.യു തെരഞ്ഞെടുപ്പിൽ മടവൂരിനെ സെക്രട്ടറിയാക്കാനുള്ള കുത്സിതനീക്കം.
- 1997ൽ തന്നെ അബൂബക്കർ കാരക്കുന്നിനെയും മുസ്തഫാ ഫാറൂഖിയെയും ഐ.എസ്.എം. പ്രസിഡൻറും ജ. സെക്രട്ടറിയുമാക്കാൻ കോർ ഗ്രൂപ്പുകാരുടെ കള്ളക്കളി.
- 1998ൽ സെമിനാറിലെ ദഅ്‌വാ സെഷൻ സ്വകാര്യമാക്കി - 'നവോത്ഥാന പ്രസ്ഥാനത്തിന് പുതിയ അജണ്ട' എന്നതായിരുന്നു രഹസ്യ ചർച്ചയുടെ വിഷയം.
- 1998ൽ കാരക്കുന്നിൻെറ 'സംഘടനാ സ്കൂൾ' ലേഖനം ശബാബിൽ - മാറ്റം വരുത്തുന്നത് നയത്തിലാണ്; ആദർശത്തിലല്ല എന്ന് ന്യായീകരണം.

- 1998ൽ തന്നെ 'സംഘടനാ സ്കൂൾ (ഇൻസ്ട്രക്ടർമാർക്ക് ഒരു സഹായി)' എന്ന രഹസ്യ പുസ്തകം - പ്രസ്ഥാനത്തിന്റെ നിലവിലുള്ള പ്രബോധന ശൈലിയും രാഷ്ട്രീയ നയവും മാറ്റി പുതിയ പ്രവർത്തന ശൈലി പഠിപ്പിക്കുന്ന പുസ്തകമാണിത്.
- 1999ൽ എ.പി. അബ്ദുൽ ഖാദിർ മൗലവിയെ പുറത്താക്കി മടവൂരിനെ കെ.എൻ.എം. ജനറൽ സെക്രട്ടറിയാക്കുമെന്ന് കോർഗ്രൂപ്പുകാർ പ്രോപ്പഗണ്ടയിറക്കി. കെ.എൻ.എം. തെരഞ്ഞെടുപ്പിൽ യൂണിറ്റ് തലം തൊട്ട് പച്ചയായ ഗ്രൂപ്പ് കളിയും.
- 2000 ഏപ്രിലിൽ മധ്യസ്ഥ സമിതി ശുപാർശ ചെയ്ത പാനലിനെ മടവൂർ കോക്കസ് പാടെ തള്ളിയെങ്കിലും കെ.എൻ.എം. കൗൺസിലിൽ രണ്ട് വോട്ട് ഭൂരിപക്ഷത്തിന് പാനൽ വിജയിച്ചു. അതനുസരിച്ച് ടി.പി. അബ്ദുല്ലക്കോയ മദനി പ്രസിഡൻറും എ.പി. അബ്ദുൽ ഖാദിർ മൗലവി ജ. സെക്രട്ടറിയുമായി പുതിയ കെ.എൻ.എം. ഭരണ സമിതി നിലവിൽ വന്നു.
- 11 വർഷം ഗൂഢമായി കളിച്ചിട്ടും കെ.എൻ.എം. കൈവിട്ടുപോയ മടവൂർ കോക്കസ് 2000 ഒക്ടോബറിൽ ഐ.എസ്.എം. ഭരണഘടന മാറ്റി മറിച്ച് ഐ.എസ്.എമ്മിനെ സ്വതന്ത്ര സംഘടനയായി രജിസ്റ്റർ ചെയ്തു. ഫാമിലി സെൽ, അൽമനാർ ഹജ്ജ് ഗ്രൂപ്പ് തുടങ്ങിയ സമാന്തര പ്രവർത്തനങ്ങൾ ഇതോടെ ശക്തിപ്പെട്ടു.
- 2000ത്തിൽ നടന്ന ഐ.എസ്.എം. ഇലക്ഷനിൽ കോർഗ്രൂപ്പുകാരുടെ പച്ചയായ ഗ്രൂപ്പുകളി. നൂറോളം പരാതികൾ കെ.എൻ.എമ്മിന് ലഭിച്ചു. മറുപക്ഷത്തുള്ള ഒരാളെ 'നോമിനി'യായിപോലും എടുക്കാതെ 'ക്ലീൻ വി.സി'കൾ മാത്രം ഉൾക്കൊള്ളുന്ന ഐ.എസ്.എം. കേന്ദ്രകമ്മിറ്റി നിലവിൽവന്നു.
- 2001 മെയ് മാസത്തിൽ കെ.എൻ.എമ്മിനെ അറിയിക്കുകപോലും ചെയ്യാതെ ഐ.എസ്.എം സംസ്ഥാന സമ്മേളനം ഫറോക്കിൽ - (ഊന്നുവടികളില്ലാതെ നടക്കണമെന്നും ഈ സമ്മേളനം ഒരു താക്കീതാണെന്നും ശബാബ്)

ഇത്തരത്തിൽ 17 വർഷം മുമ്പ് പുതിയ ചിന്താധാരക്ക് വിത്തിട്ട് പ്രത്യേക കോക്കസ് സൃഷ്ടിച്ച് ഗൂഢപ്രവർത്തനം തുടരുന്ന ഈ ലോബിയാണ് ഐ.എസ്.എം. കേന്ദ്രകമ്മിറ്റിയിലെ 35 അംഗങ്ങളെ പിരിച്ചുവിട്ടതിന്റെ പേരിൽ ഇസ്ലാഹീ സംഘടനയുടെ അഞ്ച് പോഷക സംഘടനകളെയും നിഷ്ക്കരുണം കുത്തിപ്പിളർത്താൻ ശ്രമിച്ചത്!!

ഇസ്ലാഹീ സംഘടനയിൽ ഉളവായ ഈ പ്രതിസന്ധിയുടെ ഉത്തരവാദികളാരാണെന്നും അതിലേക്ക് നയിച്ച യഥാർത്ഥ കാരണങ്ങൾ എന്താണെന്നുമുള്ള മേൽവിവരിച്ച വസ്തുതകൾ ഇപ്പോൾ കേരളത്തിലെ മുജാഹിദ് പ്രവർത്തകരിൽ മഹാഭൂരിപക്ഷത്തിനും ശരിക്കും ബോധ്യം വന്നിരിക്കുന്നു. അതുകൊണ്ടുതന്നെ കള്ളിവെളിച്ചത്തായ അങ്കലാപ്പിൽ വ്യതിയാനക്കാർ കൂടുതൽ

കള്ളപ്രചാരണങ്ങളുമായി രംഗത്തിറങ്ങിയിരിക്കുകയാണ്. മുജാഹിദ് പ്രവർത്തകർക്കിടയിൽ ആശയക്കുഴപ്പങ്ങളുടെ പുകമറകൾ സൃഷ്ടിച്ച് യഥാർത്ഥ വസ്തുതകളിൽനിന്നും അവരുടെ ശ്രദ്ധ തെറ്റിക്കുകയും വ്യതിയാനാരോപണം ഉന്നയിച്ചവരാണ് യഥാർത്ഥത്തിൽ സംഘടനയിൽ കുഴപ്പങ്ങൾ ക്ഷണിച്ചുവരുത്തിയതെന്നും വരുത്തിത്തീർക്കാനാണ് എം.ഐ. തന്റെ 'ഗൾഫ് സലഫിസവും മുജാഹിദ് പ്രസ്ഥാനവും' എന്ന കൃതിയിലൂടെ ശ്രമിക്കുന്നത്.

പുസ്തക രൂപത്തിലാക്കുന്നതിന് മാസങ്ങൾക്ക് മുമ്പുതന്നെ രണ്ടുതരം ലഘുലേഖകളായി (ആദ്യം 3 പേജ്, പിന്നീട് 10 പേജ്) ഈ പുസ്തകത്തിലെ ആശയങ്ങളുടെ 'എസെൻസ്' വളണ്ടിയർ കോറുകാർ നാടുനീളെ പ്രചരിപ്പിച്ചിരുന്നു. ഏറെ വിവാദത്തിനിടയാക്കിയ 180 പേജുള്ള നീല പുസ്തകത്തിലും 'മുജാഹിദ് പ്രസ്ഥാനത്തിലെ ഭിന്നിപ്പ്' എന്ന പേരിൽ എം.ഐ. സുല്ലമി പേര് വെച്ചിറക്കിയ നീലപുസ്തകത്തിന്റെ പരിഷ്ക്കരിച്ച പതിപ്പിലും ഈ ആശയം എഴുതിച്ചേർത്തിട്ടുണ്ട്. എല്ലാറ്റിന്റെയും മുഖ്യ സ്രോതസ് എം.ഐ. സുല്ലമി തന്നെ.

ഇസ്ലാഹീ പ്രസ്ഥാനത്തോട് ലക്ഷ്യത്തിലും മാർഗത്തിലും യോജിക്കുന്ന ധാരാളം സംഘടനകളും പണ്ഡിത സമിതികളും അറബ് നാടുകളിലും ലോകത്തിന്റെ മറ്റ് ഭാഗങ്ങളിലുമുണ്ടെന്ന് മുജാഹിദ് പ്രവർത്തകരിലെ സാധാരണക്കാർക്കുപോലുമറിയാം. എന്നാൽ ലളിതമായ ഈ സത്യത്തെ ദുർന്യായങ്ങൾകൊണ്ട് മൂടിവെക്കുകയാണ് ഈ പുസ്തകത്തിൽ എം.ഐ. സുല്ലമി ചെയ്യുന്നത്. ഈ പുസ്തകം വായിച്ചുതീരുമ്പോൾ ഒരു ശരാശരി മുജാഹിദ് വായനക്കാരന്റെ മനസിലുണ്ടാവുന്ന പ്രതികരണങ്ങൾ എന്താണെന്ന് ഈ പുസ്തകവുമായി ഊരുചുറ്റുന്നവർ ചിന്തിച്ചിട്ടുണ്ടോ? 'സലഫികൾക്ക് ഒരു സാർവ്വലൗകിക വീക്ഷണമോ സമീപനമോ ഇല്ല; കേരള സലഫി വേറെ, സഊദി സലഫി വേറെ. ഇത് രണ്ടുമല്ലാത്ത സലഫിയാണ് ആഫ്രിക്കൻ രാജ്യങ്ങളിൽ. സലഫികളുടെ ആശയാദർശങ്ങൾക്ക് ഒരു ഐക്യരൂപവുമില്ല. ഓരോ സ്ഥലത്തെയും സലഫി പണ്ഡിതൻമാർ കൂടിത്തീരുമാനിക്കുന്നതാണ് ആ നാട്ടിലെ സലഫി'. ഇത്തരത്തിലുള്ള മോശമായൊരു പ്രതിച്ഛായ ലോകാടിസ്ഥാനത്തിലുള്ള സലഫീ പ്രബോധനത്തെക്കുറിച്ച് വായനക്കാരിൽ വളർത്തിയെടുക്കുകയും അതുവഴി 'ഞങ്ങൾക്ക് ഞങ്ങളുടെ സലഫി; നിങ്ങൾക്ക് നിങ്ങളുടെ സലഫി' എന്ന് പറയാൻ കേരള മുജാഹിദുകളെ സജ്ജരാക്കുകയുമാണത്രെ എം.ഐയുടെ പുസ്തക രചനയുടെ ഉദ്ദേശ്യം.

ഈ പുസ്തകം വായിക്കുന്നവരിലുണ്ടാകുന്ന മറ്റൊരു പ്രതികരണം ഇതാണ്. 'സഊദി അറേബ്യയിലെയും കുവൈറ്റ്, ഖത്തർ പോലുള്ള മറ്റ് മുസ്ലിം രാഷ്ട്രങ്ങളിലെയും സലഫീ പണ്ഡിതൻമാർ നമ്മുടെ നാട്ടിലെ സുന്നി മുസ്ലിയാക്കളേക്കാളും അധഃപതിച്ച അന്ധവിശ്വാസികളും അനാചാരപ്രേമികളുമാണ്. അവർ രോഗശമനത്തിന് ആശുപത്രികളിൽ പോകാതെ നൂലും വെള്ളവും ജപിച്ചുകൊടുക്കുന്നവരാണ്. മാത്രമല്ല, ജിന്നുകളിലെ പിശാചുക്കളെ സേവിച്ചും

മന്ത്രവാദം നടത്തിയും കാലംകഴിക്കുന്ന നമ്മുടെ നാട്ടിലെ ചൂഷകൻമാരായ സിദ്ധൻമാരേക്കാൾ തരംതാഴ്ന്നവരാണ്; ബുദ്ധിക്കും ചിന്തക്കും സ്ഥാനം കൽപിക്കാതെ ഹദീസുകളുടെ അക്ഷരങ്ങളും ഹമ്പലീ മദ്ഹബും നാട്ടുനടപ്പുകളും പിന്തുടരുന്നവരാണ്. കാലവും ലോകവും മാറിയതും ശാസ്ത്ര സാങ്കേതിക വിദ്യകൾ വളർന്നതും ഗോളശാസ്ത്രം വളർന്നതും പുരോഗമിച്ചതും ഒന്നും അറിയാത്ത 'അന്തം കമ്മികളും' പഴഞ്ചൻമാരുമാണിവർ......'

'അതേസമയം നമ്മുടെ നാട്ടിലെ ഇസ്‌ലാഹീ പണ്ഡിതൻമാർ 'മഹാ പണ്ഡിതൻമാരും' കാലത്തിനനുസരിച്ച് ഇസ്‌ലാമിനെ മനസിലാക്കിയവരും സാമൂഹ്യ സാഹചര്യങ്ങൾ വിലയിരുത്തി പ്രബോധന ശൈലി രൂപപ്പെടുത്തിയ പുരോഗമന വാദികളും ഉൽപ്പതിഷ്ണുക്കളുമാണ്.' അറബി സലഫികളെ ഇങ്ങനെ പരിചയപ്പെടുത്തുന്നതിന്റെ പിന്നിൽ മറ്റൊരു ഗൂഢോദ്ദേശ്യമാണ് എം.ഐ. സുല്ലമിക്കുള്ളത്. അറേബ്യയിലെ ഇത്തരം 'പഴഞ്ചൻ' ആശയങ്ങൾ കേരള സലഫികൾക്കിടയിൽ പ്രചരിപ്പിക്കുവാനാണ് കെ.എൻ.എം. നേതാക്കളും വ്യതിയാനം ആരോപിക്കുന്നവരും ശ്രമിക്കുന്നത് എന്ന് വരുത്തിത്തീർക്കുക. വ്യതിയാനം ആരോപിച്ചവരെക്കുറിച്ച് 'നവയാഥാസ്ഥികർ', 'അനാക്രോണിക്കുകൾ' (കാലത്തിനുകൊള്ളാത്തവർ), 'സ്പാനിഷ് കാളകൾ' എന്നൊക്കെ 'ശബാബ്' മേമ്പൊടിയായി ഇടക്കിടെ എഴുതിവിടുന്നതും വായനക്കാരിൽ ഇത്തരമൊരു മാനസികാവസ്ഥ സൃഷ്ടിച്ചെടുക്കാനാണ്.

സത്യവും അസത്യവും കൂട്ടിക്കലർത്തി അതിലൂടെ സത്യത്തെ മൂടിവെക്കുന്ന തനിച്ച ജൂത തന്ത്രമാണ് ഈ പുസ്തകത്തിൽ എം. ഐ. സുല്ലമി പയറ്റിയിട്ടുള്ളത്. ആദർശ വ്യതിയാന ആരോപണത്തിൽ മുങ്ങിച്ചാകാൻ പോകുന്നവരെ രക്ഷിക്കുവാനും അതേ സമയം മറുപക്ഷത്തെ 'ഉത്തരം പുട്ടിക്കാനും' വേണ്ടി ഈ കൃതിയിൽ അദ്ദേഹം കാണിച്ചിട്ടുള്ള കുതന്ത്രങ്ങളും പൊടിക്കൈകളും നിരവധിയാണ്. സംഘടനാ പ്രശ്നത്തിലെ മുഖ്യ കുറ്റവാളികളുടെ പട്ടികയിലേക്ക് അദ്ദേഹത്തിന് സ്ഥാനക്കയറ്റം കൊടുക്കാൻ ഈ കൃതിമാത്രം മതി.

ആഴമേറിയ വിജ്ഞാനത്തിന്റെ ഉടമകളും 'തഖ്‌വ'യുടെ നിറകുടങ്ങളുമായി അറിയപ്പെടുന്ന അറബികളായ സലഫീ പണ്ഡിതൻമാരെക്കുറിച്ചും അവിടെയുള്ള സലഫി സംഘടനകളെക്കുറിച്ചും മുകളിൽ പറഞ്ഞ രൂപത്തിലുള്ള മോശമായ പ്രതിഛായയാണ് തന്റെ ലഘുലേഖകളും പുസ്തകവും വായിക്കുന്നവരുടെ മനസിൽ സ്വാഭാവികമായും ഉണ്ടാവുക എന്ന് സുല്ലമിക്കുതന്നെ ബോധ്യം വന്നിട്ടാവണം അദ്ദേഹം തന്റെ പുസ്തകത്തിന്റെ 'മുഖവുര'യിൽ എഴുതുന്നു: "ഗൾഫിലെ ഏതെങ്കിലും സലഫീ സംഘടനകളെയോ അവിടത്തെ ബഹുമാന്യരായ പണ്ഡിത നേതാക്കളെയോ മറ്റോ ഇകഴ്ത്തുകയോ അവരെല്ലാം പിഴവിലും തെറ്റിലുമാണെന്ന് സ്ഥാപിക്കുകയോ ഈ പുസ്തകത്തിന്റെ ലക്ഷ്യമല്ല" (ഗൾഫ് സലഫിസം - പ്രസ്താവന).

പക്ഷേ, ഈ മുൻകൂർ ജാമ്യം പുസ്തകം വായിച്ച ഒരാളും മുഖവിലക്കെടുക്കുകയില്ല. അറബീ സലഫികളെ വേണ്ടത്ര ഇകഴ്ത്തുവാനും പഴഞ്ചൻമാരായി പരിചയപ്പെടുത്താനും നിരവധി പേജുകൾ നീക്കിവെച്ച ശേഷമുള്ള ഈ ജാമ്യമെടുക്കൽ വായനക്കാരെ വിഡ്ഢികളാക്കാനുള്ള ഏഴാംകിട തന്ത്രം മാത്രമാണ്. പഞ്ചസാരചാക്കിന് മീതെ 'ഇത് ഉപ്പാകുന്നു' എന്നെഴുതിവെച്ചാൽ ഉറുമ്പരിക്കാതെ രക്ഷപ്പെടും എന്ന് കരുതുന്ന വിഡ്ഢികളല്ല എല്ലാ വായനക്കാരും എന്ന് ഓർക്കുന്നത് നന്ന്.

വ്യതിയാന ആരോപണം ഉന്നയിച്ച കെ.എൻ.എം. നേതാക്കളെ കാണുമ്പോൾ 'അതാ വരുന്നു ഗൾഫ് സലഫി; ജിന്ന് സേവക്കാരൻ' എന്നിങ്ങനെ ചില വി.സി.കൾ പരിഹസിക്കുന്നത് എം.ഐ. സുല്ലമിയുടെ ദുഷ്പ്രചാരണത്തിൻെറ അനന്തരഫലമാണ്. അറബീ പണ്ഡിതൻമാരെഴുതിയ പുസ്തകത്തിലെ ഒരു അറബി വാചകം പോലും തെറ്റുകൂടാതെ വായിക്കാനറിയാത്ത കോർ ഗ്രൂപ്പുകാരിൽ ചിലർ ഈ പുസ്തകം വായിച്ച് പഠിച്ച് പൊതുജനങ്ങൾക്ക് ഗൾഫ് സലഫിസത്തെക്കുറിച്ച് ക്ലാസെടുക്കുകയും ഗൾഫിലെ മഹാൻമാരായ പണ്ഡിതൻമാരെ സദസിലിട്ട് പുച്ഛരിക്കുകയും ചെയ്യുന്നേടത്തോളം കാര്യങ്ങൾ എത്തി! ഇതിൻെറയൊക്കെ ഉത്തരവാദിത്തത്തിൽനിന്ന് എം.ഐ.ക്ക് കൈകഴുകാൻ കഴിയില്ലായെന്നും ആ പാപങ്ങളുടെയൊക്കെ അർഹമായ വിഹിതം തൻെറ കണക്കിൽ അല്ലാഹു വരവ് വെക്കുമെന്നും എം.ഐ. ഓർത്തിട്ടുണ്ടോ? "ആരെങ്കിലും ഒരു ചീത്തപ്രവൃത്തിക്ക് തുടക്കംകുറിച്ചാൽ അയാൾക്കതിൻെറ ശിക്ഷ ഉണ്ടായിരിക്കും. പുറമെ ലോകത്ത് പിന്നീട് ആരൊക്കെ അതിനെ പിന്തുടർന്ന് ആ കുറ്റം ചെയ്യുന്നുവോ അതിൻെറയൊക്കെ കുറ്റവും അയാൾക്ക് ഉണ്ടായിരിക്കും" എന്ന പ്രസിദ്ധമായ നബിവചനം എം.ഐ. മറന്നുകളയുകയാണോ?

കേരളത്തിലെ സലഫീപ്രസ്ഥാനത്തിൽ ആശയവ്യതിയാനവും തദ്വാരാ അനൈക്യവും സൃഷ്ടിക്കുവാൻ ശ്രമിക്കുന്ന വ്യതിയാന കോക്കസ് സൗദി അറേബ്യയിലെ സലഫീ പ്രസ്ഥാനത്തെ ഒളിഞ്ഞും തെളിഞ്ഞും താറടിക്കാൻ ശ്രമിക്കുകയാണ്. അത്തരം ആളുകൾക്ക് പത്തു വർഷങ്ങൾക്കുമുമ്പ് 'യുവത' വിതരണം ചെയ്ത 'സലഫീ പ്രബോധനം: ലക്ഷ്യവും മാർഗവും' എന്ന പുസ്തകത്തിൽ നൽകിയ മറുപടി ഇവിടെ ഉദ്ധരിക്കുന്നത് പ്രസക്തമായിരിക്കുമെന്ന് തോന്നുന്നു.

"നാല് മുസല്ലയുണ്ടാക്കി നാല് ഇമാമുകളുടെ പിന്നിലായി മസ്ജിദുൽ ഹറാമിൽ പോലും വേറെ വേറെ പ്രാർത്ഥിച്ചിരുന്ന മുസ്‌ലിംകളെ ഒരേ ഇമാമിൻെറ പിന്നിൽ അണി നിരത്തിയ, ഹിജാസിൽനിന്ന് മുസ്‌ലിം ലോകത്തിൻെറ നാനാ ഭാഗത്തേക്കും മദ്ഹബുകൾക്കതീതമായ ഇസ്‌ലാമിക ഐക്യ വിഭാവന പ്രസരിപ്പിച്ച നവോത്ഥാനപ്രസ്ഥാനത്തെ താറടിക്കാൻ ആരൊക്കെ ശ്രമിച്ചാലും ചിന്താശീലമുള്ള സത്യാന്വേഷികൾ വഴി തെറ്റിക്കപ്പെടുകയില്ല" (പുറം 54).

'ഗൾഫ് സലഫിസം' എന്ന പുസ്തകത്തിൻെറ പുറംചട്ടയിൽ തന്നെ ഇങ്ങനെ കാണാം. "കേരളത്തിലെ മുജാഹിദ് പ്രസ്ഥാനവും ആഗോള സലഫികളും തമ്മിൽ ആദർശപരമായി യാതൊരു അന്തരവുമില്ലെന്നും അവ രണ്ടും ഒന്നാണെന്നുമുള്ള ഒരു തെറ്റിദ്ധാരണ എങ്ങനെയോ പ്രചരിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇത് തിരുത്താനും കേരളത്തിലെ ഇസ്ലാഹീ പ്രസ്ഥാനത്തിൻെറ സവിശേഷമാർന്ന ആദർശവും നയപരിപാടികളും വേറിട്ട് മനസിലാക്കാനും ഉപകരിക്കുന്ന ഒരു പഠനകൃതി".

കേരളത്തിൽ മുജാഹിദുകൾ പ്രചരിപ്പിക്കുന്ന ആശയങ്ങൾ ഇവിടെയുള്ള ഏതെങ്കിലും മൗലവിമാരുടെ മാത്രം സൃഷ്ടിയല്ലെന്നും ലോകത്തിൻെറ വിവിധ ഭാഗങ്ങളിലും ഇതേ ആശയക്കാർ ഉണ്ടെന്നുമാണ് ഇത്രയുംകാലം നാം ജനങ്ങളെ പഠിപ്പിച്ചത്. കേരളത്തിന് പുറത്ത് ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ അഹ്ലേ ഹദീസ്, അറബ് നാടുകളിൽ സലഫികൾ, ഈജിപ്തിൽ അൻസാറുസ്സുന്ന... എന്നിങ്ങനെ വിവിധ പേരുകളാണെങ്കിലും എല്ലാം ലക്ഷ്യത്തിലും മാർഗത്തിലും ഒന്നുതന്നെയാണ്. കർമ്മശാസ്ത്രപരവും മറ്റുമായ ചില പ്രശ്ന(മസ്അല)ങ്ങളിൽ നമുക്ക് അവരോട് പല വിയോജിപ്പുകളുണ്ടെന്ന ബോധ്യത്തോടു കൂടി ത്തന്നെയാണ് നാമിത് പറഞ്ഞതും എഴുതിയതും. അത്തരം ഭിന്നതകൾ സുന്നികളും ജമാഅത്തുകാരും കുത്തിപ്പൊക്കുമ്പോൾ അതൊന്നും ആദർശപരമായ ഐക്യത്തിന് തടസമല്ലെന്നും ഭംഗിയായി മറുപടി കൊടുത്തവരാണ് നാം. സലഫീ പ്രസ്ഥാനം ശാഫിഈ മദ്ഹബ്, ഹനഫീ മദ്ഹബ്... പോലുള്ള അന്ധമായി പിന്തുടരപ്പെടുന്ന ഒരു മദ്ഹബല്ല എന്നറിയുന്ന നമ്മുടെ സാധാരണ പ്രവർത്തകർക്കുപോലും ഇതിലൊന്നും യാതൊരു 'വസ്വാസും' അങ്കലാപ്പും ഉണ്ടായിരുന്നില്ല. മറ്റ് നാടുകളിലെ സലഫികളുമായി നമുക്ക് യാതൊരു വിഷയത്തിലും അന്തരവുമില്ലെന്ന് ആരും ഇവിടെ തെറ്റിദ്ധരിച്ചിട്ടില്ല. എങ്കിലും നമ്മളും അവരും ഒന്നാണെന്ന് പറയാൻ നാം മടിച്ചിട്ടുമില്ല. വസ്തുതകൾ ഇതായിരിക്കെ പിന്നെ എന്ത് തെറ്റിദ്ധാരണയാണ് എം.ഐ. തിരുത്താൻ പോകുന്നത്? ഇല്ലാത്ത ഒരു തെറ്റിദ്ധാരണ ചമച്ചുണ്ടാക്കി അതിന് മറുപടിയെഴുതി കേമത്തം നടിക്കുന്ന ഇത്തരം വ്യക്തികളോട് ഒന്നേ ചോദിക്കാനുള്ളൂ. സഹോദരാ... എന്തിനീ നിഴൽയുദ്ധം?

**കെ. കെ. സകരിയ്യാ സ്വലാഹി**